**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **14-09-2023 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. ചാമ്പ്യൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ചാമ്പ്യൻസ് പദ്ധതി നടപ്പിലാക്കുന്നത് കൊണ്ട് വ്യവസായികൾക്കും ചെറുകിട വ്യവസായികൾക്കും ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ കീഴിൽ 2020 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഇന്റലിജന്റ് സിംഗിൾ വിൻഡോ മെക്കാനിസമാണ് ചാമ്പ്യൻസ് പോർട്ടൽ. സംരംഭത്തിനാവശ്യമായ സാമ്പത്തികം, അസംസ്കൃത വസ്തുക്കൾ, ലൈസൻസ് തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ചെയ്യുക, സംരംഭകർക്ക് പുതിയ അവസരങ്ങൾ ഒരുക്കുന്നതിനുള്ള സൗകര്യം ചെയ്യുക, നല്ല രീതിയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ രാജ്യത്തിനകത്തും പുറത്തുമുള്ള വിപണികളുമായി പരിചയപ്പെടുത്തുക എന്നിവയാണ് ഈ സംവിധാനം വഴി ലക്ഷ്യം വയ്ക്കുന്നത്.<br><br>പ്രധാനമായും താഴെ പറയുന്ന 5 സേവനങ്ങൾ സംരംഭകർക്ക് ഈ പോർട്ടൽ വഴി ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>1. വ്യവസായ നയം, വിവിധ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച സർക്കാർ വിവരങ്ങൾ ലഭ്യമാക്കുക.<br><br>2. പരാതികൾ/ നിർദ്ദേശങ്ങൾ എന്നിവ സർക്കാരിൽ അറിയിക്കുന്നതിനുള്ള സൗകര്യം.<br><br>3. പരാതികളുടെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യുന്നതിനുള്ള സൗകര്യം.<br><br>4. നൂതനമായ ബിസിനസ് അവസരങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള സൗകര്യം.<br><br>5. പരാതികൾ നിരീക്ഷിക്കുന്നതിന് 67 കൺട്രോൾ റൂമുകൾ ഉൾപ്പെടെ ഉള്ള നിരീക്ഷണ സംവിധാനം. കൂടാതെ, ലോൺ, സബ്സിഡി എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് പുറമെ ഉദ്യം , എം എസ് എം ഇ |

| | | | |
|---|---|---|---|
| | | | സമാധാൻ എന്നീ പോർട്ടലുകളുടെ ലിങ്കുകളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ